ഉത്തരം

(എ) തീരുമാനമെടുത്തു. 23-9-1985-ൽ കൂടിയ ബോർഡ് മീറ്റിംഗിൽ ആണ് തീരുമാനം എടുത്തത്.

(ബി) 50,000 രൂപ വച്ച്.

(സി) ആശ്വാസധനവും, ഏറ്റെടുക്കൽ ചെലവും ഉൾപ്പെടെ 50,960 രൂപ.

(സി) ഇല്ല.

(ഇ) ചോദ്യം ഉൽഭവിക്കുന്നില്ല.

കശുവണ്ടിയുടെ പർച്ചേഴ്സ് ടാക്സ്

117. [167] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടിയുടെ പർച്ചേഴ്സ് ടാക്സ് ഇപ്പോഴും ഈടാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈയിനത്തിൽ 1983-84, 1984-85, 1985-86 വർഷങ്ങളിൽ എത്ര രൂപ വീതം പിരിഞ്ഞു കിട്ടി ;

(ബി) ഇതിൽ സ്വകാര്യമേഖലയിൽ നിന്നും കിട്ടിയത് എത്ര ; കാഷ്യു കോർപ്പറേഷനിൽ നിന്നും കിട്ടിയതെത്ര ;

(സി) സ്വകാര്യ മേഖലയിൽ നിന്നും ഇനി എത്ര വീതം പിരിഞ്ഞു കിട്ടാനുണ്ട് ;

(ഡി) ഈ തുക പിരിക്കാതെയിരിക്കാൻ കാരണമെന്താണ്?

ഉത്തരം

(എ) കശുവണ്ടിയുടെ പർച്ചേഴ്സ് ടാക്സ് ഈടാക്കുന്നുണ്ട്. 1983-84-ൽ 101 ലക്ഷം രൂപയും 1984-85-ൽ 143 ലക്ഷം രൂപയും 1985-86-ൽ 111 ലക്ഷം രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(ബി) സ്വകാര്യമേഖലയിൽ നിന്നും 1983-84-ൽ 65 ലക്ഷം രൂപയും 1984-85-ൽ 75 ലക്ഷം രൂപയും 1985-86-ൽ 60 ലക്ഷം രൂപയും പിരിഞ്ഞുകിട്ടി. കാഷ്യു കോർപ്പറേഷനിൽ നിന്നും 1983-84-ൽ 36 ലക്ഷം രൂപയും 1984-85-ൽ 68 ലക്ഷം രൂപയും 1985-86-ൽ 51 ലക്ഷം രൂപയും പിരിഞ്ഞുകിട്ടി.

(സി) സ്വകാര്യമേഖലയിൽ നിന്നും ഒന്നും പിരിഞ്ഞുകിട്ടാനില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

1985-86 വർഷത്തെ കാർഷികാദായ—വിൽപ്പന നികുതികണം

118. [168] ഡോക്ടർ കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ :
,, പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി/കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ 1985-86 സാമ്പത്തിക വർഷത്തെ ടാർജറ്റ് എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനോടകം ഓരോ ഇനത്തിലും എന്തു തുക പിരിച്ചെടുത്തു ;

(സി) മാർച്ച് 31-ന് എത്ര പിരിച്ചെടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ജില്ലാ അടിസ്ഥാനത്തിൽ ഉള്ള ടാർജറും പിരിവും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിൽപ്പന നികുതി രൂപ 402.45 കോടി, കാർഷികാദായ നികുതി രൂപ 14.22 കോടി.

(ബി) 13-3-1986 വരെ വിൽപ്പന നികുതി ഇനത്തിൽ 386.16 കോടി രൂപയും കാർഷികാദായ നികുതി ഇനത്തിൽ 18.92 കോടി രൂപയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(സി) വിൽപ്പന നികുതി 430 കോടി രൂപയും കാർഷികാദായ നികുതി ഇനത്തിൽ 19.50 കോടി രൂപയും പിരിച്ചെടുക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ശേഖരിച്ചുവരുന്നു.

ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമം

119. [170] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്രിസ്ത്യൻ സ്ത്രീകൾക്ക് കുടുംബസ്വത്തിൽ പുരുഷൻമാരോടൊപ്പം തുല്യാവകാശം നിഷേധിക്കുന്ന തിരുവിതാംകൂർ ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമം ഭരണഘടനാപരമല്ലെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുല്യാവകാശം ലഭ്യമാക്കുന്ന പുതിയ നിയമം കൊണ്ടു വരുവാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

1951-ലെ പാർട്ട് ബി സ്റ്റേറ്റ്സ് (ലാസ്) ആക്ട് പ്രകാരം തിരുവിതാംകൂർ ക്രിസ്ത്യൻ പിൻതുടർച്ചാവകാശ ആക്ട് റദ്ദായതായും 1925-ലെ ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ട് തിരുവിതാംകൂർ, കൊച്ചി ഭാഗങ്ങളിൽ ബാധകമാണെന്നുമാണ് സുപ്രീംകോടതി വിധിയുടെ സാരം. 1925-ലെ ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ആൺമക്കൾക്കും പെൺമക്കൾക്കും കുടുംബസ്വത്തിൽ തുല്യാവകാശം ലഭിക്കുന്നതാണ്. ആകയാൽ സ്ത്രീകൾക്കും പുരുഷൻമാരോടൊപ്പം കുടുംബസ്വത്തിൽ തുല്യാവകാശം ലഭിക്കുന്നതിന് ഒരു പുതിയ നിയമം കൊണ്ടുവരേണ്ട ആവശ്യമില്ല.

കണ്ണൂർ, കാസർകോട് ജില്ലകളിലെ വോൾട്ടേജ് ക്ഷാമം

120. [172] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, കാസർകോട് ജില്ലകളിലെ പല പ്രദേശങ്ങളിലും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly